1. The maximum height of the vehicles plying in INDIA is limited to ———— metres.
A) 4.25
B) 4.5
C) 4.75
D) 5.0

ഇന്ത്യയിൽ ഓടുന്ന വാഹനങ്ങൾക്ക് പരമാവധി ഉയരം ———— മീറ്റർ ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.
A) 4.25
B) 4.5
C) 4.75
D) 5.0

2. Use of mobile phone, while driving is permitted:
A) With bluetooth headsets
B) With wired headsets
C) For Route navigation without holding the phone in hand
D) None of the above

വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന് അനുവദനീയമാകുന്ന സാഹചര്യം:
A) ബ്ലൂടൂത്ത് ഹെഡ്സെറ്റുകൾക്കൊപ്പം
B) വയർഡ് ഹെഡ്സെറ്റുകൾക്കൊപ്പം
C) ഫോൺ കയ്യിൽ പിടിക്കാതെ റൂട്ട് നാവിഗേഷനായി
D) ഇവയൊന്നുമല്ല

3. Which among the following statement is **not** correct while towing?
A) No two-wheeled motor vehicle shall be towed by another vehicle
B) The maximum speed while towing a vehicle shall not exceed twenty-five kilometres per hour
C) The distance between the towed vehicle and the towing vehicle shall not exceed five metres
D) Hazard warning light of the vehicle being towed need to be switched on

ഒരു വാഹനം കെട്ടി വലിക്കുമ്പോൾ, ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് **ശരിയല്ലാത്തത്?**
A) ഇരുചക്ര വാഹനങ്ങളൊന്നും മറ്റൊരു വാഹനത്തിൽ കെട്ടി വലിച്ചുകൊണ്ടു പോകരുത്
B) വാഹനം കെട്ടി വലിക്കുമ്പോൾ പരമാവധി വേഗത മണിക്കൂറിൽ ഇരുപത്തിയഞ്ച് കിലോമീറ്ററിൽ കൂടരുത്
C) കെട്ടി വലിക്കുന്ന വാഹനവും, കെട്ടി വലിക്കപ്പെടുന്ന വാഹനവും തമ്മിലുള്ള അകലം അഞ്ച് മീറ്ററിൽ കൂടരുത്
D) കെട്ടി വലിക്കുന്ന വാഹനത്തിന്റെ ഹസാർഡ് വാണിംഗ് ലൈറ്റ് ഓണാക്കിയിരിക്കണം

4. Uncontrolled pedestrian crossing is:

✓ A) Stop line and zebra line only
B) Stop line and zebra line with traffic signal light
C) Stop line and zebra line with traffic Policeman controlling the traffic.
D) Road portion having no zebra line

അനിയന്ത്രിതമായ കാൽനട ക്രോസിംഗ് (uncontrolled pedestrian crossing) അർത്ഥമാക്കുന്നത്?

A) റോഡിൽ സ്റ്റോപ്പ് ലൈനും, സീബ്രാ ലൈനും മാത്രം ഉള്ള ഭാഗം
B) ട്രാഫിക് സിഗ്നൽ ലൈറ്റ് ഉള്ള സ്ഥലത്തെ സ്റ്റോപ്പ് ലൈനും, സീബ്രാ ലൈനും
C) സ്റ്റോപ്പ് ലൈനും, സീബ്രാ ലൈനും, ട്രാഫിക് പോലീസുകാരും ചേർന്ന് ഗതാഗതം നിയന്ത്രിക്കുന്ന സ്ഥലങ്ങൾ
D) സീബ്രാ ലൈനില്ലാത്ത റോഡ് ഭാഗം

5. Which of the following statement is true in case of Fitness of a vehicle?

A) The vehicle shall be produced for fitness test immediately after registration
c B) Every new vehicle will have 2 years deemed fitness
C) Every new vehicle will have 3 years deemed fitness
D) Fitness of 10 year old vehicles shall be renewed for 2 years

ഒരു വാഹനത്തിന്റെ ഫിറ്റ്നസിന്റെ കാര്യത്തിൽ ഈ പ്രസ്താവനകളിൽ ഏതാണ് ശരി?

A) പുതുതായി രജിസ്ട്രേഷൻ കഴിഞ്ഞയുടൻ വാഹനം ഫിറ്റ്നസ് ടെസ്റ്റിനായി ഹാജരാക്കണം
B) ഓരോ പുതിയ രജിസ്ട്രേഷൻ കഴിഞ്ഞ വാഹനത്തിനും 2 വർഷത്തെ ഫിറ്റ്നസ് ഉണ്ടായിരിക്കും
C) ഓരോ പുതിയ രജിസ്ട്രേഷൻ വാഹനത്തിനും 3 വർഷത്തെ ഫിറ്റ്നസ് ഉണ്ടായിരിക്കും
D) 10 വർഷം പഴക്കമുള്ള വാഹനങ്ങളുടെ ഫിറ്റ്നസ് 2 വർഷത്തേക്ക് പുതുക്കും

6. CMVR 144 stipulates intimation of transfer of ownership of a vehicle to be transferred to the new owner within ———— days.

c

A) 7 B) 10
C) 14 D) None of these

CMVR 144 പ്രകാരം, വാഹനത്തിന്റെ ഉടമസ്ഥാവകാശം ———— ദിവസത്തിനുള്ളിൽ, പുതിയ ഉടമസ്ഥന്റെ പേരിലേക്ക് മാറ്റണം.

A) 7 B) 10
C) 14 D) ഇവയൊന്നുമല്ല

7. Section 186 of motor vehicles act prohibits:
A) Driving while using mobile phone
B) Drunken driving
C) Dangerous driving
D) Driving when mentally or physically unfit to drive

മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 186 പ്രകാരം ഏതാണ് നിരോധിച്ചിരിക്കുന്നത്?
A) മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുന്നത്
B) മദ്യപിച്ച് വാഹനമോടിക്കുന്നത്
C) അപകടകരമായ വിധത്തിൽ വാഹനം ഓടിക്കുന്നത്
D) മാനസികമായോ ശാരീരികമായോ വാഹനമോടിക്കാൻ അനുയോജ്യമല്ലാത്ത സാഹചര്യത്തിൽ വാഹനം ഓടിക്കുന്നത്

8. As per CMVR, A first Aid box in a motor vehicle essentially does **not** require?
A) Sterilised dressings
B) Sterilised elastic plaster
C) Elastic bandage
D) Woollen cloth

മോട്ടോർ വാഹന ചട്ട പ്രകാരം ഒരു മോട്ടോർ വാഹന ഫസ്റ്റ് എയ്ഡ് ബോക്സിൽ ഉണ്ടായിരിക്കണം എന്ന് നിർബന്ധമില്ലാത്തത്?
A) അണുവിമുക്തമാക്കിയ പഞ്ഞി
B) അണുവിമുക്തമാക്കിയ ഇലാസ്റ്റിക് പ്ലാസ്റ്റർ
C) ഇലാസ്റ്റിക് ബാൻഡേജ്
D) കമ്പിളി തുണി

9. The wheel alignment of a motor car shall be checked in every ———— km.
A) 5000 B) 15000 C) 1000 D) 40000

സാധാരണ ഗതിയിൽ ഒരു മോട്ടോർ കാറിന്റെ വീൽ അലൈൻമെന്റ് ഓരോ ———— കിലോമീറ്ററിലും പരിശോധിക്കേണ്ടതാണ്.
A) 5000 B) 15000 C) 1000 D) 40000

10. 4 wheeler vehicles shall have a minimum tread depth of:
A) 1.6 mm
B) 1.8 mm
C) 1.4 mm
D) 1.2 mm

ഫോർ വീലർ (4 wheeler) വാഹനങ്ങൾക്ക് ടയറുകളിൽ ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ട്രെഡ് ഡെപ്ത് (tread depth) :
A) 1.6 mm
B) 1.8 mm
C) 1.4 mm
D) 1.2 mm

11. The maximum fine a Judicial Court awards for violating section 194 B (Use of safety belts and the seating of children):

A) Rs. 1000 B) Rs. 500 C) Rs. 250 D) Rs. 100

സെക്ഷൻ 194 ബി ലംഘനത്തിന് ഒരു ജുഡീഷ്യൽ കോടതി വിധിക്കുന്ന പരമാവധി പിഴ? (സുരക്ഷാ ബെൽറ്റുകളുടെ ഉപയോഗവും, കുട്ടികളുടെ ഇരിപ്പിടവും)

A) 1000 രൂപ B) 500 രൂപ C) 250 രൂപ D) 100 രൂപ

12. As per Kerala Motor Vehicle taxation act 1976, for non remitting tax, a vehicle can be:

A) Detained by authorised officers
B) Detain and sell in public auction by authorised officers
C) Authorised officers can scrap the vehicle
D) The registration of the vehicle will be cancelled

കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ട് 1976 പ്രകാരം, ഒരു വാഹനം നികുതി അടച്ചിട്ടില്ലെങ്കിൽ:

A) അംഗീകൃത ഉദ്യോഗസ്ഥർക്ക് വാഹനം പിടിച്ച് വയ്ക്കാം
B) അംഗീകൃത ഉദ്യോഗസ്ഥർക്ക് വാഹനം പിടിച്ച് വയ്ക്കുകയും പരസ്യമായി ലേലം ചെയ്യുകയും ചെയ്യാം
C) അംഗീകൃത ഉദ്യോഗസ്ഥന് വാഹനം സ്ക്രാപ്പ് (Scrap) ചെയ്യാം
D) വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കാം

13. In common Light Motor Vehicles the hand brake is acted in ———— tyres.

A) Front B) Rear
C) In all D) Not on any

സാധാരണ ലൈറ്റ് മോട്ടോർ വാഹനങ്ങളിൽ ഹാൻഡ് ബ്രേക്ക് പ്രവർത്തിക്കുന്നത്:

A) മുന്നിലെ ടയറുകളിൽ B) പിന്നിലെ ടയറുകളിൽ
C) എല്ലാ ടയറുകളിലും D) ടയറുകളിലല്ല

14. 'E- rickshaw' is an electric ———— vehicle.

A) Passenger
B) Goods
C) Both Passenger and Goods
D) Neither Passenger nor Goods

'ഇ-റിക്ഷ' എന്നാൽ ഒരു ഇലക്ട്രിക് ———— ആണ്

A) യാത്രാ വാഹനം
B) ചരക്ക് വാഹനം
C) യാത്രാ വാഹനം അല്ലെങ്കിൽ ചരക്ക് വാഹനം
D) യാത്രാ വാഹനമോ ചരക്ക് വാഹനമോ അല്ല

15. Category of vehicle 'M1' means:
a
A) A goods vehicle with GVW below 3500 KG
B) Passenger vehicle carrying not more than 8 seats excluding driver
C) Passenger vehicle carrying more than 8 seats excluding driver
D) None of these

M1 വാഹനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്:
A) 3500 കിലോഗ്രാമിൽ താഴെയുള്ള GVW ഉള്ള ഒരു ചരക്ക് വാഹനം
B) ഡ്രൈവറെ കൂടാതെ 8 സീറ്റിൽ കൂടാത്ത യാത്രാ വാഹനം
C) ഡ്രൈവറെ കൂടാതെ 8-ൽ കൂടുതൽ സീറ്റുകളുള്ള യാത്രാ വാഹനം
D) ഇവയൊന്നുമല്ല

16. The validity of hazardous vehicle licence:
A) 1 year B) 2 years C) 3 years D) 5 years

ഹസാർഡസ് വാഹന ലൈസൻസിന്റെ സാധുത:
A) 1 വർഷം B) 2 വർഷം C) 3 വർഷം D) 5 വർഷം

17. Which following colour is **not** permitted for private vehicles in India?
c
A) Olive Green B) Brown
C) Lemon Yellow D) Pink

താഴെപ്പറയുന്നവയിൽ ഏത് നിറമാണ് ഇന്ത്യയിൽ സ്വകാര്യവാഹനങ്ങൾക്ക് ഉപയോഗിക്കുവാൻ പാടില്ലാത്തത്?
A) ഒലീവ് ഗ്രീൻ B) ബ്രൗൺ
C) ലെമൺ എല്ലോ D) പിങ്ക്

18. Upper age limit on applying for driving license is:
B
A) 20 years B) 50 years
C) 60 years D) No age limit

ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കാനുള്ള ഉയർന്ന പ്രായപരിധി.
A) 20 വയസ്സ് B) 50 വയസ്സ്
C) 60 വയസ്സ് D) പ്രായപരിധിയില്ല

19. A driving licence can be renewed without taking test after its date of expiry upto
a
A) 1 year B) 2 years C) 3 years D) 5 years

ഒരു ഡ്രൈവിംഗ് ലൈസൻസ് അതിന്റെ കാലാവധി കഴിഞ്ഞ തീയതിക്ക് ശേഷം ________ വർഷത്തിനുള്ളിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്താതെ തന്നെ പുതുക്കാവുന്നതാണ്.
A) 1 B) 2 C) 3 D) 5

20. The floor level of foot path is:

A) Above the road
B) Below the road
C) Equal to the road
D) All of the above

ഫുട്പാത്തിന്റെ തറ നിരപ്പ്:

A) റോഡിന് മുകളിൽ
B) റോഡിന് താഴെ
C) റോഡിന് തുല്യം
D) ഇതെല്ലാമാണ്

21. Yellow line in parallel at the centre of the road indicates:

A) Overtaking not permitted
B) Overtaking permitted
C) Should not cross the line
D) Overtake but not touch and cross the line

റോഡിന് മദ്ധ്യത്തിൽ സമാന്തരമായി കാണുന്ന മഞ്ഞ വര സൂചിപ്പിക്കുന്നത്:

A) ഓവർ ടേക്കിംഗ് പാടില്ല
B) ഓവർ ടേക്കിംഗ് അനുവദിച്ചിരിക്കുന്നു
C) വര മറികടക്കാൻ പാടില്ല
D) ഓവർ ടേക്കിംഗ് ചെയ്യാമെങ്കിലും വരയിൽ സ്പർശിക്കാനോ മറികടക്കാനോ പാടില്ല.

22. Child lock in cars restricts the door to open:

A) Permanently
B) For few minutes
C) From inside
D) From outside

കാറ് ചൈൽഡ് ലോക്കിലാണെങ്കിൽ, ആ ഡോർ തുറക്കുന്നത് അസാധ്യമാക്കുന്നത് :

A) സ്ഥിരമായി
B) കുറച്ച് സമയത്തേക്ക്
C) അകത്ത് നിന്ന്
D) പുറത്ത് നിന്ന്

23. In permitted places, U - turn is allowed showing which hand signal by the driver?

A) Right turn
B) Left turn
C) Overtake
D) Slow down

'യു' ടേൺ അനുവദിച്ച സ്ഥലങ്ങളിൽ ഡ്രൈവർ തന്റെ കൈകൊണ്ട് ഏത് സിഗ്നൽ കാണിക്കണം?

A) വലത് തിരിയാൻ
B) ഇടത് തിരിയാൻ
C) ഓവർ ടേക്ക്
D) സ്ലോ ഡൗൺ

24. The document which shows the maximum weight that a vehicle can carry:

A) Registration Certificate
B) Insurance Certificate
C) Pollution Certificate
D) Trip Sheet

വാഹനത്തിൽ കയറ്റാവുന്ന [illegible]വധി ഭാരം രേഖപ്പെടുത്തിയിരിക്കുന്നത് :

A) രജിസ്ട്രേഷൻ സർ [illegible]
B) ഇൻഷൂറൻസ് സർട്ടിഫിക്കറ്റ്
C) പൊല്യൂഷൻ സ [illegible]
D) ട്രിപ്പ് ഷീറ്റ്

25. Section 185 of Motor Vehicles Act 1988 deals with:
A) Overspeed driving
B) Drunken driving
C) Smoking while driving
D) Using mobile phone while driving

ഇന്ത്യൻ മോട്ടോർ വാഹന നിയമത്തിൽ (1988) 185-ാം വകുപ്പ് പ്രതിപാദിക്കുന്നത്:
A) അതിവേഗ ഡ്രൈവിംഗ്
B) മദ്യപിച്ചു കൊണ്ടുള്ള ഡ്രൈവിംഗ്
C) പുകവലിച്ചു കൊണ്ടുള്ള ഡ്രൈവിംഗ്
D) ഫോൺ ചെയ്തു കൊണ്ടുള്ള ഡ്രൈവിംഗ്

26. A petrol engine has:
A) Fuel filter
B) Injector
C) Spark plug
D) All of the above

ഒരു പെട്രോൾ എഞ്ചിനിൽ ഉള്ളത് എന്ത്?
A) ഇന്ധന ഫിൽട്ടർ
B) ഇൻജക്ടർ
C) സ്പാർക്ക് പ്ലഗ്
D) ഇവയെല്ലാം

27. Overloading of goods vehicle attracts:
A) Fine only
B) Imprisonment only
C) Fine and licence suspension
D) Permit suspension, licence suspension and fine

ചരക്ക് വാഹനത്തിൽ അമിതഭാരം കയറ്റിയാൽ :
A) പിഴ മാത്രം ചുമത്തുന്നു
B) തടവ് ശിക്ഷ മാത്രം ചുമത്തുന്നു
C) പിഴയും ലൈസൻസ് സസ്പെൻഷനും ചുമത്തുന്നു
D) പെർമിറ്റ് സസ്പെൻഷൻ, ലൈസൻസ് സസ്പെൻഷൻ, പിഴ എന്നിവ ചുമത്തുന്നു

28. 'Adblue' is commonly used in ____________ engines.
A) Petrol B) Diesel C) CNG D) LPG

'ആഡ്ബ്ലൂ' സാധാരണയായി ഉപയോഗിക്കാറുള്ളത് __________ എഞ്ചിനുകളിലാണ്.
A) പെട്രോൾ B) ഡീസൽ C) സി എൻ ജി D) എൽ പി ജി

29. A certificate of insurance of a motor vehicle is given in central motor vehicles rules form no.

A) 49 B) 50 C) 51 D) 52

സെൻട്രൽ മോട്ടോർ വെഹിക്കിൾ റൂൾസ് പ്രകാരം ഒരു മോട്ടോർ വാഹനത്തിന്റെ ഇൻഷുറൻസ് സർട്ടിഫിക്കറ്റിന് നൽകുന്ന ഫോം നമ്പർ :

A) 49 B) 50 C) 51 D) 52

30. The retro reflective tapes which are affixed in front of the transport vehicle is ________ in colour.

A) Red B) Yellow C) Green D) White

ട്രാൻസ്പോർട്ട് വാഹനത്തിന് മുന്നിൽ ഒട്ടിച്ചിരിക്കുന്ന റിട്രോ റിഫ്ളക്ടീവ് ടേപ്പുകൾ ________ നിറത്തിലുള്ളവയാണ്.

A) ചുവപ്പ് B) മഞ്ഞ C) പച്ച D) വെള്ള

31. As per Motor Vehicles Driving Regulation 2017 "Longitudinal marking" means

A) The intermittent vertical marking at the centre of the Road
B) The marking seen just before the Traffic Island
C) The road marking which is provided along the movement of traffic on carriageway
D) The line seen just before the zebra line

മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ് റെഗുലേഷൻ 2017 പ്രകാരം "longitudinal marking" എന്നാൽ :

A) റോഡിന്റെ മധ്യഭാഗത്ത് ഇടയ്ക്കിടെ കാണപ്പെടുന്ന ലംബമായിട്ടുള്ള അടയാളങ്ങൾ
B) ട്രാഫിക് ഐലന്റിന് തൊട്ടുമുമ്പായി മാത്രം കാണപ്പെടുന്ന വരകൾ
C) കാരിയേജ്വേയിലെ ഗതാഗത സഞ്ചാരത്തിന് നൽകിയിട്ടുള്ള റോഡ് അടയാളങ്ങൾ
D) സീബ്ര ക്രോസ്സിങ്ങിനു മുൻപായി കാണുന്ന കുറുകെയുള്ള വര

32. Places where Air horn is banned

A) Near Government Hospital
B) Everywhere on the public road
C) Near Government offices
D) Near Fire Station

എയർ ഹോൺ നിരോധിച്ചിരിക്കുന്ന സ്ഥലങ്ങൾ :

A) സർക്കാർ ആശുപത്രിക്ക് സമീപം
B) പൊതുവഴിയിൽ എല്ലായിടത്തും
C) സർക്കാർ ഓഫീസുകൾക്ക് സമീപം
D) ഫയർ സ്റ്റേഷന് സമീപം

33. The approved size of Registration plate of Light Motor Vehicle (LMV):

A) 34 × 20 cm B) 20 × 10 cm

C) 65 × 20 cm D) 24 × 24 cm

ലൈറ്റ് മോട്ടോർ വെഹിക്കിളിന്റെ (LMV) രജിസ്ട്രേഷൻ പ്ലേറ്റിന്റെ അംഗീകൃത വലിപ്പം :

A) 34 × 20 സെ.മീ B) 20 × 10 സെ.മീ

C) 65 × 20 സെ.മീ D) 24 × 24 സെ.മീ

34. You should **not** overtake

A) If the traffic sign is not clear

B) By crossing the continuous single or double solid longitudinal marking dividing the road

C) At junctions intersections and pedestrian crossings

D) All of the above

ഏതെല്ലാം അവസരങ്ങളിലാണ് ഒരു വാഹനത്തിനെ മറികടക്കാൻ അനുവദനീയമല്ലാത്തത് ?

A) ട്രാഫിക് അടയാളങ്ങൾ വ്യക്തമല്ലായെങ്കിൽ

B) റോഡിനെ വിഭജിക്കുന്ന തുടർച്ചയായ ഒറ്റ അല്ലെങ്കിൽ ഇരട്ട രേഖാംശ അടയാളപ്പെടുത്തൽ മുറിച്ചുകടക്കുന്നതിലൂടെ

C) ജംഗ്ഷനുകളിലും കവലകളിലും കാൽനട ക്രോസിംഗുകളിലും

D) ഇവയെല്ലാം

35. As per Motor Vehicles Driving Regulation 2017 "Road User" is

A) Motor Vehicles Drivers only.

B) Motor Vehicles Drivers and Passenger on the vehicle

C) Pedestrian only

D) A person driving or travelling on the road in a vehicle or otherwise and a pedestrian

മോട്ടോർ വെഹിക്കിൾസ് ഡ്രൈവിംഗ് റെഗുലേഷൻ 2017 പ്രകാരം "Road User" എന്നാൽ :

A) വാഹനം ഓടിക്കുന്ന ഡ്രൈവർമാർ മാത്രം.

B) വാഹനം ഓടിക്കുന്ന ഡ്രൈവർമാരും, വാഹനത്തിലെ യാത്രക്കാരും

C) കാൽനടയാത്രക്കാർ മാത്രം

D) ഒരു വാഹനം ഓടിക്കുന്നയാളും, വാഹനത്തിൽ യാത്ര ചെയ്യുന്നയാളും കൂടാതെ റോഡിലൂടെ കാൽനടയായി സഞ്ചരിക്കുന്ന ഓരോ വ്യക്തിയും

36. Which of the following is **not** present in a diesel engine?

A) Cam Shaft
B) Crank shaft
C) AC filter
D) Air filter

താഴെപ്പറയുന്നവയിൽ ഏതാണ് ഡീസൽ എഞ്ചിനിൽ ഇല്ലാത്തത്?

A) കാം ഷാഫ്റ്റ്
B) ക്രാങ്ക് ഷാഫ്റ്റ്
C) എ സി ഫിൽട്ടർ
D) എയർ ഫിൽട്ടർ

37. 'Give way' means:

A) Giving preference to the traffic from the right
B) Giving preference to Vehicles of National Highway or State Highway or Major District Road by the Vehicles entering from the sub-road
C) Both (A) & (B)
D) Neither (A) nor (B)

'Give way' എന്നാൽ അർത്ഥമാക്കുന്നത്?

A) വലതുവശത്തുള്ള ട്രാഫിക്കിന് മുൻഗണന നൽകുന്നു.
B) സബ്-റോഡിൽ നിന്ന് പ്രവേശിക്കുന്ന വാഹനങ്ങളിൽ ദേശീയ പാതയിലോ സംസ്ഥാന പാതയിലോ മേജർ ജില്ലാ റോഡിലോ ഉള്ള വാഹനങ്ങൾക്ക് മുൻഗണന നൽകുന്നു
C) (A) & (B) ഓപ്ഷനുകൾ ശരിയാണ്
D) (A) & (B) ഓപ്ഷനുകൾ തെറ്റാണ്.

38. "Keeping safe distance means" all the following **except**:

A) Keeping sufficient distance commensurate with traffic condition from the vehicle ahead
B) Keeping 20 metres at a speed of 100 KMPH
C) Not using sudden break without a compelling reason
D) Increased distance between the vehicle during rain

ശരിയല്ലാത്തത് ഏത്?

'സുരക്ഷിത അകലം പാലിക്കുക എന്നതിനർത്ഥം'

A) മുന്നിലുള്ള വാഹനത്തിൽ നിന്ന് ട്രാഫിക് അവസ്ഥയ്ക്ക് ആനുപാതികമായ അകലം പാലിക്കുക
B) 100 KMPH വേഗതയിൽ 20 മീറ്റർ അകലം സൂക്ഷിക്കുക
C) നിർബന്ധിത കാരണമില്ലാതെ സഡൻ ബ്രേക്ക് ഉപയോഗിക്കരുത്
D) മഴക്കാലത്ത് വാഹനങ്ങൾ തമ്മിലുള്ള അകലം വർദ്ധിപ്പിക്കുക

39. A driving licensing authority can disqualify the licence of any driver if he has engaged in:

A) Theft of personal effect of passenger

B) Theft of goods carried in a goods carriage

C) Abandoning the vehicle as a protest of strike

D) All of the above

ഒരു ഡ്രൈവിംഗ് ലൈസൻസിംഗ് അതോറിറ്റിക്ക് ലൈസൻസ് അയോഗ്യമാക്കാൻ കാരണമായേക്കാവുന്ന ഡ്രൈവറുടെ പ്രവർത്തികൾ

A) യാത്രക്കാരുടെ വസ്തുക്കൾ മോഷ്ടിക്കുക.

B) ചരക്ക് വണ്ടിയിൽ കയറ്റിയ സാധനങ്ങൾ മോഷ്ടിക്കുക.

C) സമരത്തിൽ പ്രതിഷേധിച്ച് വാഹനം വഴിയിൽ ഉപേക്ഷിച്ചു പോവുക.

D) ഇവയെല്ലാം

40. In tyre size of 10.00 × 20, '20' means:

A) Width of the Rim

B) Width of the tyre

C) Diameter of the Rim

D) Diameter of the tyre

ടയർ വലിപ്പം 10.00 × 20 എന്നതിൽ '20' എന്തിനെ സൂചിപ്പിക്കുന്നു?

A) റിമ്മിന്റെ വീതി

B) ടയറിന്റെ വീതി

C) റിമ്മിന്റെ വ്യാസം

D) ടയറിന്റെ വ്യാസം

41. At Level crossings:

A) Do Not park the vehicle within the barriers of a railway crossing

B) Do Not overtake within the barriers of a railway crossing

C) Keep to the left of the roadway

D) All of the above

ലെവൽ ക്രോസിംഗുകളിൽ :

A) റെയിൽവേ ക്രോസിംഗിന്റെ തടസ്സങ്ങളിൽ വാഹനം പാർക്ക് ചെയ്യരുത്

B) റെയിൽവേ ക്രോസിംഗിന്റെ തടസ്സങ്ങൾക്കുള്ളിൽ വാഹനം മറികടക്കരുത്

C) വാഹനം റോഡിന്റെ ഇടതുവശത്ത് വയ്ക്കുക

D) ഇവയെല്ലാം

42. Which among the following is **not** correct while entering a tunnel?
   A) No driver shall overtake, make a U-Turn or drive backwards inside a tunnel
   B) No driver shall stop or park the vehicle within a tunnel unless absolutely unavoidable
   C) The driver shall switch on the bright beam of headlight other than the dipped one before entering a tunnel
   D) All of the above

   വാഹനം ഒരു തുരങ്കത്തിൽ പ്രവേശിക്കുമ്പോൾ, ഇനിപ്പറയുന്നവയിൽ ഏതാണ് ശരിയല്ലാത്തത്?
   A) ഒരു ഡ്രൈവറും വാഹനം ടണലിനുള്ളിൽ ഓവർടേക്ക് ചെയ്യുകയോ യു-ടേൺ ചെയ്യുകയോ പിന്നിലേക്ക് ഓടിക്കുകയോ ചെയ്യരുത്
   B) തീർത്തും ഒഴിവാക്കാനാവാത്ത പക്ഷം ഒരു ഡ്രൈവറും ഒരു തുരങ്കത്തിനുള്ളിൽ വാഹനം നിർത്തുകയോ പാർക്ക് ചെയ്യുകയോ ചെയ്യരുത്
   C) ഒരു തുരങ്കത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് ഡ്രൈവർ ഹെഡ്‌ലൈറ്റിന്റെ തിളക്കമുള്ള ബീം പ്രവർത്തനക്ഷമമാക്കുക
   D) ഇവയെല്ലാം

43. 'Charcoal canister' is used in ———— engines.
   A) Petrol  B) Diesel  C) CNG  D) LPG

   'ചാർക്കോൾ കാനിസ്റ്റർ' ———— എഞ്ചിനുകളിലാണ് ഉപയോഗിക്കുന്നത്.
   A) പെട്രോൾ  B) ഡീസൽ  C) സി എൻ ജി  D) എൽ പി ജി

44. On mountain roads and steep roads, the driver travelling downhill shall:
   A) Stop the vehicle on the left side of the road
   B) Allow the vehicle proceeding uphill to pass first
   C) Both (A) & (B)
   D) Neither (A) nor (B)

   മലയോര റോഡുകളിലും കുത്തനെയുള്ള റോഡുകളിലും, വാഹനം താഴേക്ക് സഞ്ചരിക്കുമ്പോൾ ഡ്രൈവർ ചെയ്യേണ്ടത്:
   A) റോഡിന്റെ ഇടതുവശത്ത് വാഹനം നിർത്തുക
   B) മുകളിലേക്ക് പോകുന്ന വാഹനത്തെ ആദ്യം കടന്നുപോകാൻ അനുവദിക്കുക
   C) (A) യും (B) യും പാലിക്കുക.
   D) (A) യും (B) യും പാലിക്കേണ്ടതില്ല

45. The Vehicle designated for emergency duties shall have:
   A) Multi toned horn
   B) Flasher
   C) Right of way over other vehicle
   D) All of the above

   അടിയന്തര ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ട വാഹനത്തിന് അനുവദിക്കപ്പെട്ടിട്ടുള്ളത്?
   A) മൾട്ടി ടോൺ ഹോൺ
   B) ഫ്ളാഷർ
   C) മറ്റൊരു വാഹനത്തിനേക്കാൾ റോഡിൽ മുൻഗണന
   D) ഇവയെല്ലാം

46. During a vehicle break down:
A) The hazard warning lights of the vehicle shall be switched on immediately
B) On highways and major roads with fast speed, reflective traffic warning triangles shall be placed at a distance of fifty metres behind the broken-down vehicle
C) If there is a bend on the road where the vehicle is parked, reflective traffic warning triangles shall be placed before the bend
D) All of the above

ഒരു വാഹനം'ബ്രേക്ക് ഡൗൺ' ആയാൽ:
A) വാഹനത്തിന്റെ ഹസാർഡ് വാണിംഗ് ലൈറ്റുകൾ ഉടൻ ഓൺ ചെയ്യണം
B) അതിവേഗ വേഗതയുള്ള ഹൈവേകളിലും പ്രധാന റോഡുകളിലും, തകരാറിലായ വാഹനത്തിന് പിന്നിൽ അൻപത് മീറ്റർ അകലത്തിൽ പ്രതിഫലിക്കുന്ന തരത്തിൽ ട്രാഫിക് മുന്നറിയിപ്പ് ത്രികോണ അടയാളങ്ങൾ സ്ഥാപിക്കണം
C) വാഹനം പാർക്ക് ചെയ്തിരിക്കുന്ന റോഡിൽ ഒരു വളവ് ഉണ്ടെങ്കിൽ, വളവിന് മുന്നിൽ പ്രതിഫലിക്കുന്ന തരത്തിൽ ട്രാഫിക് മുന്നറിയിപ്പ് ത്രികോണ അടയാളങ്ങൾ സ്ഥാപിക്കണം
D) ഇവയെല്ലാം

47. A vehicle sold in the State of Kerala and to be registered in the State of Kerala shall be registered by the ———— of the vehicle.
A) Dealer
B) Manufacturer
C) Buyer
D) Financing agency

കേരള സംസ്ഥാനത്ത് വിറ്റതും ഉടൻ കേരളത്തിൽ രജിസ്റ്റർ ചെയ്യേണ്ടതുമായ വാഹനം രജിസ്റ്റർ ചെയ്യേണ്ടത് ———— ഉത്തരവാദിത്തം ആണ്.
A) വാഹന ഡീലറുടെ
B) വാഹന നിർമ്മാതാവിന്റെ
C) വാഹനം വാങ്ങുന്നയാളുടെ
D) ധനസഹായ സ്ഥാപനത്തിന്റെ

48. E-challan related to a motor vehicle means:
A) Booking of a case against motor vehicle by the Police or Motor Vehicle Department
B) Remittance of fee in treasury
C) Remittance of tax in Regional Transport office
D) Remittance of tax in a check post

മോട്ടോർ വാഹനവുമായി ബന്ധപ്പെട്ട 'ഇ-ചലാൻ' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്?
A) മോട്ടോർ വാഹന വകുപ്പോ, പോലീസോ വാഹനത്തിനെതിരെ എടുക്കുന്ന കേസ്സുകൾ
B) മോട്ടോർ വാഹനത്തിന്റെ ഫീസ് ട്രഷറിയിൽ അടയ്ക്കൽ
C) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ നികുതി അടയ്ക്കൽ
D) ഒരു ചെക്ക് പോസ്റ്റിൽ മോട്ടോർ വാഹനത്തിന്റെ നികുതി അടയ്ക്കൽ

49. In the state of Kerala the appeal against driving disqualification by licencing authority shall be preferred before:

A) Transport Commissioner
B) Additional Transport Commissioner
C) Joint Transport Commissioner
D) Deputy Transport Commissioner

കേരള സംസ്ഥാനത്ത് ഡ്രൈവിംഗ് അയോഗ്യതയ്ക്കെതിരായി ഏതു അതോറിറ്റിയുടെ മുന്നിലാണ് അപ്പീൽ നൽകേണ്ടത് ?

A) ട്രാൻസ്പോർട്ട് കമ്മീഷണർ
B) അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ
C) ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
D) ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ

50. Generally mandatory signs are exhibited in ———— shape.

A) Round B) Square C) Triangle D) Rectangle

സാധാരണയായി നിർബന്ധിത അടയാളങ്ങൾ (mandatory signs) ———— ആകൃതിയിലാണ് പ്രദർശിപ്പിച്ചിരിക്കുന്നത്.

A) വൃത്തം B) ചതുരം C) ത്രികോണം D) ദീർഘചതുരം

51. The first country to allow driverless cars on roads:

A) Sweden B) Japan C) Germany D) UK

ആദ്യമായി പൊതു നിരത്തിൽ ഡ്രൈവർ രഹിത കാറുകൾ അനുവദിച്ച രാജ്യം :

A) സ്വീഡൻ B) ജപ്പാൻ C) ജർമ്മനി D) യു. കെ.

52. The new number of NH 47 passing through Kerala:

A) NH 544 B) NH 66 C) NH 532 D) NH 84

കേരളത്തിലൂടെ കടന്നു പോകുന്ന NH 47- ന്റെ പുതിയ നമ്പർ :

A) NH 544 B) NH 66 C) NH 532 D) NH 84

53. Which among the following is the new logo of Mahindra cars?

A) B) C) D)

താഴെ പറയുന്നവയിൽ ഏതാണ് മഹീന്ദ്ര കാറുകളുടെ പുതിയ ലോഗോ?

A) B) C) D)

54. The official vehicle of the present President of India:

A) Rolls Royce B) Range Rover
C) Lexus D) Mercedes Benz

ഇപ്പോഴത്തെ ഇന്ത്യൻ പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം:

A) റോൾസ് റോയിസ് B) റേഞ്ച് റോവർ
C) ലെക്സസ് D) മെഴ്സിഡസ് ബെൻസ്

55. Manufacturing company of ALTROZ cars:

A) KIA B) Hyundai C) TATA D) Toyota

'ALTROZ' കാറുകളുടെ നിർമ്മാണ കമ്പനി :

A) കിയ B) ഹ്യുണ്ടായ് C) ടാറ്റ D) ടൊയോട്ട

56. Which following creature has blue blood?

A) Polar bear B) Cockroach C) Snail D) Dolphin

താഴെ പറയുന്നവയിൽ നീല രക്തമുള്ള ജീവി ഏത്?

A) ധ്രുവക്കരടി B) പാറ്റ C) ഒച്ച് D) ഡോൾഫിൻ

57. The first Vande bharath train in South India runs between:

A) Chennai - Bangalore B) Bangalore - Mysore
C) Chennai - Mysore D) Bangalore - Hyderabad

തെക്കേ ഇന്ത്യയിലെ ആദ്യത്തെ 'വന്ദേ ഭാരത്' തീവണ്ടി താഴെ പറയുന്നവയിൽ ഏത് റൂട്ടിലാണ് ഓടുന്നത്?

A) ചെന്നൈ - ബാംഗ്ലൂർ B) ബാംഗ്ലൂർ - മൈസൂർ
C) ചെന്നൈ - മൈസൂർ D) ബാംഗ്ലൂർ - ഹൈദരാബാദ്

58. The lyricist of the Telugu song 'Natu –Natu' which won the Golden Globe Award:

A) Chandra Bose B) Kaala Bhairava C) Raja Mouli D) Keeravani

ഗോൾഡൻ ഗ്ലോബ് അവാർഡ് നേടിയ 'നാട്ടു നാട്ടു' എന്ന തെലുങ്ക് ഗാനത്തിന്റെ രചയിതാവ് :

A) ചന്ദ്ര ബോസ് B) കാല ഭൈരവ C) രാജ മൗലി D) കീരവാണി

59. The longest National Highway in India from Sri Nagar to Kanyakumari:

A) NH 47 B) NH 44 C) NH 27 D) NH 7

ശ്രീനഗർ മുതൽ കന്യാകുമാരി വരെ പോകുന്ന ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ദേശീയ പാത :

A) NH 47 B) NH 44 C) NH 27 D) NH 7

60. The central government funded project for the development of roads and highways of India:

A) Sethu Bharatham
B) JNNRUM
C) Bharat mala
D) VAHAN

ഇന്ത്യയിലെ റോഡുകളുടേയും ഹൈവേകളുടേയും വികസനത്തിനായി കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന പദ്ധതി :

A) സേതു ഭാരതം
B) ജൻറം
C) ഭാരത് മാല
D) വാഹൻ

61. The Malayalam short novel 'Ntuppuppakoranendarnnu' by Vaikom Muhammed Basheer was translated into English by:

A) H.A. Van Rheede
B) E.V. Fathima
C) Sarah Abubacker
D) E.M. Asher

വൈക്കം മുഹമ്മദ് ബഷീർ രചിച്ച ചെറുനോവൽ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തതാര്?

A) എച്ച്. എ. വാൻ റീദെ
B) ഇ. വി. ഫാത്തിമ
C) സാറാ അബൂബേക്കർ
D) ഇ. എം. ആഷർ

62. Author of the Malayalam autobiography 'Olivile Ormakal':

A) A.K. Gopalan
B) Thoppil Bhasi
C) Ajitha
D) E.M. Sankaran Nampoothiripad

'ഒളിവിലെ ഓർമ്മകൾ' എന്ന മലയാളം ആത്മകഥയുടെ കർത്താവാര്?

A) എ. കെ. ഗോപാലൻ
B) തോപ്പിൽ ഭാസി
C) അജിത
D) ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്

63. Who won the 'Golden Boot' award in the FIFA world cup 2022 held at Qatar?

A) Lionel Messi
B) Kylian Mbappe
C) Julian Alvarez
D) Neymer

ഖത്തറിൽ വച്ചുനടന്ന ഫിഫ ലോകകപ്പ് 2022-ൽ 'ഗോൾഡൻ ബൂട്ട്' സമ്മാനം നേടിയതാര്?

A) ലയണൽ മെസ്സി
B) കിലിയൻ എംബാപ്പെ
C) ജൂലിയൻ അൽവാരസ്സ്
D) നെയ്മർ

64. First female High Court Judge in India:

A) Fathima Beevi
B) Akkamma Cherian
C) Sujatha Manohar
D) Anna Chandy

ഇന്ത്യയിലെ ആദ്യത്തെ വനിതാ ഹൈക്കോടതി ജഡ്ജി :

A) ഫാത്തിമ ബീവി
B) അക്കാമ്മ ചെറിയാൻ
C) സുജാതാ മനോഹർ
D) അന്നാ ചാണ്ടി

65. The city which won the 'Swachh Survekshan Award 2022' for the cleanest city in India:

A) Indore
B) Mysore
C) Surat
D) Vijayawada

ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള നഗരത്തിനുള്ള 2022ലെ 'സ്വച്ഛ് സർവേക്ഷൻ' അവാർഡ് നേടിയ നഗരം :

A) ഇൻഡോർ
B) മൈസൂർ
C) സൂറത്ത്
D) വിജയവാഡ

66. The Kerala government project for providing relief to endosulfan victims:

A) Aswasa kiranam
B) Sneha santhwanam
C) Prathyasa
D) Snehapoorvam

എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ആശ്വാസം നൽകുന്നതിനായി കേരള സർക്കാർ രൂപം നൽകിയ പദ്ധതി :

A) ആശ്വാസ കിരണം
B) സ്നേഹ സാന്ത്വനം
C) പ്രത്യാശ
D) സ്നേഹപൂർവം

67. The first railway line in Kerala was:

A) Nilambur - Shoranur
B) Ernakulam - Kayamkulam
C) Kollam - Punalur
D) Beypore - Tirur

കേരളത്തിലെ ആദ്യത്തെ തീവണ്ടി പാത :

A) നിലമ്പൂർ - ഷൊർണ്ണൂർ
B) എറണാകുളം - കായംകുളം
C) കൊല്ലം - പുനലൂർ
D) ബേപ്പൂർ - തിരൂർ

68. The temple entry proclamation of 1936 was prepared and written by:

A) C P Ramaswamy Iyer
B) Ulloor S Parameswara Iyer
C) Sir. Madhava Rao
D) Raja Kesava Das

1936 ലെ ക്ഷേത്രപ്രവേശന വിളംബരം തയ്യാറാക്കുകയും എഴുതുകയും ചെയ്തതാര്?

A) സി. പി. രാമസ്വാമി അയ്യർ
B) ഉള്ളൂർ എസ്. പരമേശ്വര അയ്യർ
C) സർ. മാധവറാവു
D) രാജാ കേശവ ദാസ്

69. Birju Maharaj is associated with:

A) Sarod B) Kathak C) Odyssi D) Tabla

ബിർജു മഹാരാജ് ഏത് കലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

A) സരോദ് B) കഥക് C) ഒഡീസ്സി D) തബല

70. The picture on the reverse side of 2000 Rupee note now in circulation:

A) Gaganyaan B) Mangalyaan C) Sun temple D) Red Fort

ഇപ്പോൾ പ്രചാരത്തിലുള്ള 2000 രൂപ നോട്ടിന്റെ മറുവശത്തുള്ള ചിത്രം:

A) ഗഗൻയാൻ B) മംഗൾയാൻ C) സൂര്യ ക്ഷേത്രം D) ചെങ്കോട്ട

71. Rudolf Diesel who invented diesel engine was born in:

A) France B) England C) Germany D) USA

ഡീസൽ എഞ്ചിൻ കണ്ടുപിടിച്ച റുഡോൾഫ് ഡീസലിന്റെ ജന്മദേശം:

A) ഫ്രാൻസ് B) ഇംഗ്ലണ്ട് C) ജർമ്മനി D) യു.എസ്.എ

72. Which among the following countries is **not** a member of G20?

A) Saudi Arabia B) China

C) Pakistan D) Turkey

താഴെ പറയുന്നവയിൽ G20 – ൽ അംഗമല്ലാത്ത രാജ്യം:

A) സൗദി അറേബ്യ B) ചൈന

C) പാകിസ്ഥാൻ D) തുർക്കി

73. In the One day International cricket held at Trivandrum, India created a new record in one day cricket by defeating Sri Lanka by ———— runs.

A) 290 B) 317 C) 301 D) 341

തിരുവനന്തപുരത്ത് വച്ച് നടന്ന ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ശ്രീലങ്കയെ ———— റൺസിന് പരാജയപ്പെടുത്തിക്കൊണ്ട് ഇന്ത്യ ഒരു പുതിയ റെക്കോഡ് സൃഷ്ടിച്ചു.

A) 290 B) 317 C) 301 D) 341

74. ———— is **not** an integral part of a computer system.

A) Monitor B) UPS C) Key board D) CPU

ഒരു കംപ്യൂട്ടറിന്റെ അവിഭാജ്യ ഘടകമല്ലാത്തതേത് ?

A) മോനിട്ടർ B) യു. പി. എസ്.

C) കീ ബോർഡ് D) സി. പി. യു.

75. WWW means:

A) Wide World Web B) Web World Wide

C) World Wide Web D) Web Wide World

WWW എന്തിനെ സൂചിപ്പിക്കുന്നു?

A) വൈഡ് വേൾഡ് വെബ് B) വെബ് വേൾഡ് വൈഡ്

C) വേൾഡ് വൈഡ് വെബ് D) വെബ് വൈഡ് വേൾഡ്

76. The first High court in India was established at:

A) Calcutta B) Bombay C) Delhi D) Madras

ഇന്ത്യയിലെ ആദ്യത്തെ ഹൈക്കോടതി സ്ഥാപിച്ചത് എവിടെ?

A) കൽക്കത്ത B) ബോംബെ C) ഡൽഹി D) മദ്രാസ്

77. Minister of State in the ministry of Road Transport and Highways Govt. of India:

A) Nithin Gadkari B) Jyothiradithya Sindhya

C) V K Singh D) Rajeev Chandrasekhar

കേന്ദ്രഗവൺമെന്റിന്റെ റോഡ് ഗതാഗത - ഹൈവേ സഹമന്ത്രി :

A) നിതിൻ ഗെഡ്കരി B) ജ്യോതിരാദിത്യ സിന്ധ്യ

C) വി. കെ. സിംഗ് D) രാജീവ് ചന്ദ്രശേഖർ

78. The battery used in new electric cars:

A) Lithium - Ion
B) Cadmium
C) Nickel - Cadmium
D) Lead

പുതിയ ഇലക്ട്രിക് കാറുകളിൽ ഉപയോഗിക്കുന്ന ബാറ്ററി :

A) ലിഥിയം - അയോൺ
B) കാഡ്മിയം
C) നിക്കൽ - കാഡ്മിയം
D) ലെഡ്

79. Length of the M C Road from Thiruvananthapuram to Angamly:

A) 201 Km B) 260.54 Km C) 240.6 Km D) 304 Km

തിരുവനന്തപുരം - അങ്കമാലി എം.സി. റോഡിന്റെ നീളം:

A) 201 Km B) 260.54 Km C) 240.6 Km D) 304 Km

80. The first cruise ship made in India which is also the world's largest river cruise:

A) M.V. Ganga Vilas
B) M.V. Swaraj Dweep
C) M.V. Mahabahu
D) M.V. Ganga Vihar

ഇന്ത്യയിൽ ആദ്യമായി നിർമ്മിച്ചതും ലോകത്തിലെ ഏറ്റവും നീളം കൂടിയതുമായ നദീജല സുഖവാസ കപ്പൽ:

A) എം. വി. ഗംഗാ വിലാസ്
B) എം. വി. സ്വരാജ് ദ്വീപ്
C) എം. വി. മഹാബാഹു
D) എം. വി. ഗംഗാ വിഹാർ

81. International Day of Public Transport is observed on:

A) November 10
B) October 10
C) October 7
D) November 7

സാർവ ദേശീയ പൊതുഗതാഗത ദിനമായി ആചരിക്കുന്ന ദിവസം :

A) നവംബർ 10
B) ഒക്ടോബർ 10
C) ഒക്ടോബർ 7
D) നവംബർ 7

82. Which following state does **not** have a High court of its own?

A) Arunachal Pradesh
B) Sikkim
C) Manipur
D) Tripura

താഴെ പറയുന്നവയിൽ ഏതു സംസ്ഥാനത്തിനാണ് സ്വന്തമായി ഒരു ഹൈക്കോടതി ഇല്ലാത്തത് ?

A) അരുണാചൽ പ്രദേശ്
B) സിക്കിം
C) മണിപ്പൂർ
D) ത്രിപുര

83. Statement 1 : At present the sanctioned strength of permanent judges in Kerala High Court is 35.

c

Statement 2 : The present strength of permanent women judges in Kerala High Court is 5.

A) 1 and 2 are true
B) 1 is true and 2 is false
C) 1 is false and 2 is true
D) 1 and 2 are false

1. കേരള ഹൈക്കോടതിയിൽ അനുവദനീയമായ സ്ഥിര ജഡ്ജിമാരുടെ പരമാവധി എണ്ണം 35 ആണ്.

2. കേരള ഹൈക്കോടതിയിൽ ഇപ്പോഴത്തെ സ്ഥിര വനിതാ ജഡ്ജിമാരുടെ എണ്ണം 5 ആണ്.

A) 1-ഉം 2-ഉം ശരി
B) 1 ശരി 2 തെറ്റ്
C) 1 തെറ്റ് 2 ശരി
D) 1-ഉം 2-ഉം തെറ്റ്

84. Kerala was chosen by the New York Times as one among the 52 must see tourist destinations in the world in 2023. Which among the following is one among the three destinations in the state mentioned in the list?

c

A) Pookode Lake
B) Nelliyampathy
C) Edakkal Caves
D) Maravan Thuruth

2023 – ൽ ലോകത്ത് സന്ദർശിക്കേണ്ട 52 ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നായി ന്യൂയോർക്ക് ടൈംസ് കേരളത്തെ തെരഞ്ഞെടുത്തിരിക്കുന്നു. പ്രസ്തുത ലിസ്റ്റിൽ പരാമർശിക്കപ്പെട്ട കേരളത്തിലെ മൂന്ന് കേന്ദ്രങ്ങളിൽ ഒന്ന് താഴെ പറയുന്നവയിൽ ഏതാണ്?

A) പൂക്കോട് തടാകം
B) നെല്ലിയാമ്പതി
C) എടക്കൽ ഗുഹ
D) മറവൻ തുരുത്ത്

85. The state known as 'Milk Pail of India':

c

A) Gujarat
B) Tamil Nadu
C) Haryana
D) Punjab

'ഇന്ത്യയുടെ പാൽപ്പാത്രം' എന്നറിയപ്പെടുന്ന സംസ്ഥാനം :

A) ഗുജറാത്ത്
B) തമിഴ്നാട്
C) ഹരിയാന
D) പഞ്ചാബ്

86. Match List 1 (organization / Movement) with List 2 (Leader) :

a

| List 1 | | List 2 | |
|---|---|---|---|
| a. | Kallumala Samaram | 1. | Mannathu Padmanabhan |
| b. | Misra Bhojanam | 2. | Vaikunda Swamikal |
| c. | Samatwa Samajam | 3. | Sahodaran Ayyappan |
| d. | Guruvayoor Sathyagraha | 4. | Ayyan Kali |

A) a-4, b-3, c-2, d-1
B) a-3, b-4, c-1, d-2
C) a-4, b-1, c-3, d-2
D) a-2, b-1, c-4, d-3

ചേരുംപടി ചേർക്കുക :

| പട്ടിക 1 (പ്രസ്ഥാനം/പ്രക്ഷോഭം) | | പട്ടിക 2 (നേതാവ്) | |
|---|---|---|---|
| a. | കല്ലുമാല സമരം | 1. | മന്നത്ത് പദ്മനാഭൻ |
| b. | മിശ്ര ഭോജനം | 2. | വൈകുണ്ഠ സ്വാമികൾ |
| c. | സമത്വ സമാജം | 3. | സഹോദരൻ അയ്യപ്പൻ |
| d. | ഗുരുവായൂർ സത്യാഗ്രഹം | 4. | അയ്യൻ കാളി |

A) a-4, b-3, c-2, d-1
B) a-3, b-4, c-1, d-2
C) a-4, b-1, c-3, d-2
D) a-2, b-1, c-4, d-3

87. An example for mammal which can produce ultrasonic sounds:

A) Bat B) Penguin C) Kiwi D) Squirrel

അൾട്രാ സോണിക് ശബ്ദം പുറപ്പെടുവിക്കാൻ കഴിയുന്ന സസ്തനിക്ക് ഒരുദാഹരണം :

A) വവ്വാൽ B) പെൻഗ്വിൻ C) കിവി D) അണ്ണാൻ

88. Statement 1 : During his trip to Kerala in 1925 Mahatma Gandhi visited Sree Narayana Guru

Statement 2 : Mahatma Gandhi participated in the Vaikom Sathyagraha in 1925

A) 1 is true and 2 is false B) 1 and 2 are true

C) 1 and 2 are false D) 1 is false and 2 is true

1. 1925 – ലെ തന്റെ കേരളത്തിലേക്കുള്ള യാത്രയിൽ മഹാത്മാഗാന്ധി ശ്രീനാരായണ ഗുരുവിനെ സന്ദർശിച്ചു.
2. 1925 – ലെ വൈക്കം സത്യാഗ്രഹത്തിൽ മഹാത്മാഗാന്ധി പങ്കെടുത്തു.

A) 1 ശരി 2 തെറ്റ് B) 1 -ഉം 2 -ഉം ശരി

C) 1 -ഉം 2 -ഉം തെറ്റ് D) 1 തെറ്റ് 2 ശരി

89. The crewed orbital space craft intended to be launched in 2024 by India:

A) Mangalyan B) Gaganyan

C) Kalpana D) Astrosat

2024 – ൽ മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കുവാനായി വിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന ഇന്ത്യയുടെ ബഹിരാകാശ പേടകം :

A) മംഗൾയാൻ B) ഗഗൻയാൻ

C) കൽപ്പന D) ആസ്ട്രോസാറ്റ്

90. The highest water fall in India, Kunchikal falls of Karnataka is in the river:

A) Varahi B) Kaveri

C) Krishna D) Thunga Bhadra

ഇന്ത്യയിലെ ഏറ്റവും ഉയർന്ന വെള്ളച്ചാട്ടമായ കർണാടകയിലെ 'കുഞ്ചിക്കൽ' വെള്ളച്ചാട്ടം ഏത് നദിയിലാണ്?

A) വരാഹി B) കാവേരി C) കൃഷ്ണ D) തുംഗ ഭദ്ര

91. India's longest bridge Dhola – Sadiya Bridge connects:

A) Assam – Arunachal Pradesh

B) Arunachal Pradesh – Nagaland

C) Maharashtra - Gujarat

D) Maharashtra – Karnataka

ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ പാലമായ ധോളാ–സദിയ പാലം ബന്ധിപ്പിക്കുന്ന സംസ്ഥാനങ്ങൾ :

A) ആസാം – അരുണാചൽ പ്രദേശ്

B) അരുണാചൽ പ്രദേശ് – നാഗാലാൻഡ്

C) മഹാരാഷ്ട്ര – ഗുജറാത്ത്

D) മഹാരാഷ്ട്ര – കർണാടക

92. The President of Egypt who was the chief guest of Republic day celebration of India 2023:

A) Abdel Fattah El-Sisi
B) Mohammed Irfan Ali
C) Muhammed Bin Said Al- Nahyan
D) Sayed Ali Hussain Sirtani

2023-ലെ ഇന്ത്യൻ റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന ഈജിപ്ത് പ്രസിഡന്റ് :

A) അബ്ദൽ ഫത്താഹ് അൽ സിസി
B) മൊഹമ്മദ് ഇർഭാൻ അലി
C) മുഹമ്മദ് ബിൻ സെയ്ദ് അൽ നഹ്യാൻ
D) സയ്യിദ് അലി ഹുസൈൻ സിർറ്റാനി

93. Match List 1 ( Padma Vibhushan recipient 2023) with List 2 ( their field of activity)

| List 1 | | List 2 | |
|---|---|---|---|
| a. | Srinivasa Varadhan | 1. | Architecture |
| b. | Dilip Mahalanabis | 2. | Mathematician |
| c. | Zakir Hussain | 3. | Medicine |
| d. | Balkrishna Dhoshi | 4. | Art |

A) a-4, b-3, c-2, d-1
B) a-2, b-3, c-4, d-1
C) a-3, b-4, c-1, d-2
D) a-2, b-1, c-4, d-3

ചേരുംപടി ചേർക്കുക :

| പട്ടിക 1 (പത്മവിഭൂഷണ ജേതാക്കൾ 2023) | | പട്ടിക 2 (പ്രവർത്തന രംഗം) | |
|---|---|---|---|
| a. | ശ്രീനിവാസ വരദൻ | 1. | ആർക്കിടെക്ചർ |
| b. | ദിലീപ് മഹലനോബിസ് | 2. | ഗണിത ശാസ്ത്രജ്ഞൻ |
| c. | സക്കീർ ഹുസൈൻ | 3. | വൈദ്യ ശാസ്ത്രം |
| d. | ബാൽകൃഷ്ണ ധോഷി | 4. | കല |

A) a-4, b-3, c-2, d-1
B) a-2, b-3, c-4, d-1
C) a-3, b-4, c-1, d-2
D) a-2, b-1, c-4, d-3

94. The capital city of Croatia:

A) Mogadishu B) Bucharest C) Nicosia D) Zagreb

ക്രൊയേഷ്യയുടെ തലസ്ഥാന നഗരം:

A) മൊഗാദിഷു B) ബുച്ചാറെസ്റ്റ് C) നിക്കോഷ്യ D) സാഗ്രെബ്

95. World's highest railway bridge located in Kashmir is built across the river:

A) Chinab B) Biyas C) Brahmaputra D) Jhalam

കാശ്മീരിൽ സ്ഥിതിചെയ്യുന്ന ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള റെയിൽവേ പാലം ഏതു നദിയുടെ കുറുകെയാണ് ?

A) ചിനാബ് B) ബിയാസ് C) ബ്രഹ്മപുത്ര D) ഝലം

96. The island which was renamed as A P J Abdul Kalam Island:

A) Sriharikottah
B) Wheeler Island
C) North Button Island
D) Megapode Island

എ.പി.ജെ അബ്ദുൾകലാം ദ്വീപ് എന്ന് പുന:നാമകരണം ചെയ്യപ്പെട്ട ദ്വീപ്:

A) ശ്രീഹരിക്കോട്ട
B) വീലർ ദ്വീപ്
C) നോർത്ത് ബട്ടൺ ദ്വീപ്
D) മെഗാപോഡ് ദ്വീപ്

97. The symbol Au stands for which element?

A) Potassium
B) Gold
C) Antimony
D) Silver

Au ഏത് മൂലകത്തെ സൂചിപ്പിക്കുന്ന ചിഹ്നമാണ്?

A) പൊട്ടാസിയം
B) സ്വർണ്ണം
C) ആന്റിമണി
D) വെള്ളി

98. Manufactures of Ambassador cars ,.Hindusthan motors was founded by:

A) Jamshedji Tata
B) B M Birla
C) R M Tapar
D) J K Mahindra

അംബാസിഡർ കാറിന്റെ നിർമ്മാതാക്കളായ ഹിന്ദുസ്ഥാൻ മോട്ടോർസിന്റെ സ്ഥാപകൻ :

A) ജംഷഡ്ജി ടാറ്റ
B) ബി.എം. ബിർള
C) ആർ. എം. താപ്പർ
D) ജെ. കെ. മഹീന്ദ്ര

99. The river known as the 'Yellow river' of Kerala:

A) Bharathapuzha
B) Kuttyadi puzha
C) Chaliyar
D) Kabani river

കേരളത്തിലെ 'മഞ്ഞ നദി' എന്നറിയപ്പെടുന്ന നദി :

A) ഭാരതപ്പുഴ
B) കുറ്റ്യാടിപ്പുഴ
C) ചാലിയാർ
D) കബനി നദി

100. Match List 1 with List 2:

| List 1 (car) | | List 2 (Head quarters) | |
|---|---|---|---|
| a. | BMW | 1. | South Korea |
| b. | Lexus | 2. | Sweden |
| c. | Volvo | 3. | Japan |
| d. | KIA | 4. | Germany |

A) a-4, b-3, c-2, d-1
B) a-4, b-3, c-1, d-2
C) a-4, b-2, c-3, d-1
D) a-2, b-4, c-1, d-3

ചേരുംപടി ചേർക്കുക :

| പട്ടിക 1 (വാഹനം) | | പട്ടിക 2 (ആസ്ഥാന രാജ്യം) | |
|---|---|---|---|
| a. | ബി.എം.ഡബ്ല്യു | 1. | സൗത്ത് കൊറിയ |
| b. | ലെക്സസ് | 2. | സ്വീഡൻ |
| c. | വോൾവോ | 3. | ജപ്പാൻ |
| d. | കിയ | 4. | ജർമ്മനി |

A) a-4, b-3, c-2, d-1
B) a-4, b-3, c-1, d-2
C) a-4, b-2, c-3, d-1
D) a-2, b-4, c-1, d-3